LIBRARY ARCHIVES Kerala Legislative Assembly

ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി

42 [42] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചാരുംമൂട്ടിലും, മാന്നാറിലും പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് വേണമെന്ന് നിർദ്ദേശം വന്നപ്പോൾ മാന്നാറിൽ സി.ഐ. ഓഫീസ് ആരംഭിക്കുകയും ചാരുംമൂട്ടിൽ പോലീസ് സി.ഐ. ഓഫീസ് ആരംഭിക്കാതിരിക്കുകയും ചെയ്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) ചാരുംമൂട്ടിൽ സി.ഐ. ഓഫീസ് ആരംഭിക്കുന്നതിന് കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നു വിശദമാക്കാമോ?

ഉത്തരം

(എ—സി) ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നകാര്യം പരിശോധിച്ച് വരികയാണ്.

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തിനുശേഷം സംസ്ഥാനത്ത് ഉണ്ടായ രാഷ്ട്രീയ പ്രേരിതമായ ആക്രമണങ്ങൾ

43 [43] ശ്രീ. സി. പി. മുഹമ്മദ്:
,, ഡി. സുഗതൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, വർക്കല കഹാർ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തിനുശേഷം സംസ്ഥാനത്ത് എവിടെയെല്ലാം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രേരിതമായ ആക്രമണങ്ങളുണ്ടായിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി എത്ര രൂപയുടെ നാശനഷ്ടങ്ങളുണ്ടായതായി കണക്കാക്കപ്പെടുന്നു;